**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.786 02.12.2015-ൽ മറുപടിക്ക്**

**സർക്കാർ ആശുപത്രികളിൽ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ അസിസ്റ്റന്റ് സർജൻമാരുടെ (എൻട്രി കേഡർ) എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ച് അറിയിക്കുമോ ; | (എ) സർക്കാർ ആശുപത്രികളിൽ 170 അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകൾ ചുവടെ ചേർക്കുന്നു:<br>കൊല്ലം - 5<br>പത്തനംതിട്ട - 8<br>ആലപ്പുഴ - 10<br>കോട്ടയം - 8<br>ഇടുക്കി - 18<br>എറണാകുളം - 8<br>തൃശ്ശൂർ - 13<br>പാലക്കാട് - 10<br>മലപ്പുറം - 5<br>വയനാട് - 12<br>കണ്ണൂർ - 39<br>കാസർഗോഡ് - 34 |
| (ബി) എൻട്രി കേഡറിൽ കൊല്ലം, വയനാട്, കോഴിക്കോട്, കാസർഗോഡ്, മലപ്പുറം, ഇടുക്കി അടക്കം 8 ജില്ലകളിൽ തന്നെ 208 അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളുണ്ട് എന്ന് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ മറുപടി നൽകിയിട്ടുള്ളതായി അറിയുമോ; | (ബി) അറിയാം. |
| (സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (സി) ചെയ്തിട്ടുണ്ട്. |
| (ഡി) നിലവിലുള്ള അസിസ്റ്റന്റ് സർജൻ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നു വരെയുണ്ട്; പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേരെ ഇതുവരെ അഡ്വൈസ് ചെയ്തിട്ടുണ്ട് ; | (ഡി) & (ഇ) പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി 31.03.2016 വരെയുണ്ട്. 1541 പേർക്ക് ഇതുവരെ പി.എസ്.സി നിയമന ശുപാർശ നൽകിയിട്ടുണ്ട്. അതിൽ 457 പേർ സർവ്വീസിൽ പ്രവേശിക്കുകയും, 564 പേർ |

| | |
|---|---|
| (ഇ) അഡ്വൈസ് ചെയ്ത എല്ലാവരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവരുടെ എൻ.ജെ.ഡി. (No Joining Duty) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എത്ര എൻ.ജെ.ഡി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; നിലവിൽ എത്ര പേരാണ് റാങ്ക് ലിസ്റ്റിൽ ഉള്ളത്; | എക്സ്റ്റൻഷൻ വാങ്ങുകയും, 520 പേർ എൻ.ജെ.ഡി ആകുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) അടിയന്തര ആവശ്യത്തിന് എഴുത്തുപരീക്ഷ ഒഴിവാക്കി ഇന്റർവ്യൂ മാത്രം നടത്തി യുദ്ധകാലാടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടും അതിൽ നിന്ന് ഒഴിവുകൾ നികത്താത്തത് എന്തുകൊണ്ടാണ്; | (എഫ്) നിലവിൽ പി.എസ്.സി നൽകിയിട്ടുള്ള ലിസ്റ്റിൽ നിന്നും അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമനം നടത്തിവരികയാണ്. |
| (ജി) പ്രസ്തുത തസ്തികയിലേക്ക് പുതിയ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; പരീക്ഷ നടത്തിയിട്ടുണ്ടോ; എങ്കിൽ റാങ്ക് ലിസ്റ്റ് നിൽക്കുകയും അവയിൽ നിന്ന് ഒഴിവുകൾ നികത്താതിരിക്കുകയും, പ്രസ്തുത തസ്തികയിലേക്ക് തന്നെ പുതിയതായി അപേക്ഷ ക്ഷണിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്; ഇതിനുള്ള കാരണം വിശദമാക്കുമോ; കഴിഞ്ഞ മാസങ്ങളിൽ വിരമിച്ച സ്പെഷ്യാലിറ്റി കേഡറിലെ 410 ഓളം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ പ്രമോഷൻ വഴി നികത്താൻ ആരോഗ്യവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; പ്രൊമോഷൻ ത്വരിതപ്പെടുത്താൻ ഉണ്ടായിരുന്ന DHS ലെ സ്പെഷ്യൽ വിംഗ് പിരിച്ചുവിട്ടത് എന്തടിസ്ഥാനത്തിലാണ്; ഇത് പുന:സ്ഥാപിക്കുമോ? | (ജി) പുതിയ അപേക്ഷ 547/14 കാറ്റഗറി നമ്പർ ഗസറ്റ് വിജ്ഞാപനപ്രകാരം ക്ഷണിച്ചിട്ടുണ്ട്. 25.04.2015-ന് ടി തസ്തികയിലേയ്ക്ക് പരീക്ഷ നടത്തിയിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ, LDC, LGS, Assistant in Secretariat / PSC, പൊലീസ് വകുപ്പിലെ വിവിധ തസ്തികകൾ എന്നിങ്ങനെ പൊതുജനങ്ങൾക്ക് അവശ്യസേവനം ലഭ്യമാക്കേണ്ടതും, റാങ്ക് ലിസ്റ്റുകൾ നിലവിലില്ലാത്ത കാരണത്താൽ നിയമന ശിപാർശ നടക്കാതിരുന്നാൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതുമായ തസ്തികകളിൽ ഇടതടവില്ലാതെ ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുക എന്ന പി.എസ്.സി.യുടെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായാണ് ടി തസ്തികയ്ക്ക് പുതിയ വിജ്ഞാപനം പി.എസ്.സി പുറപ്പെടുവിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നത്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഡോക്ടർമാരുടെ പ്രൊമോഷൻ ത്വരിതപ്പെടുത്തുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ എച്ച്.ആർ.സെൽ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ